(സി) വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് വിദ്യാലയങ്ങളിലെ മഴവെള്ള സംഭരണികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന മഴവെള്ള സംഭരണ പരിപാടി ഈ മേഖലയിൽ പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

(ഡി) 2014-15 വർഷത്തെ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ ഇവയാണ്.

- വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുക.
- വിദ്യാലയങ്ങളിലെ കടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുക.
- മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശേഖരിച്ച് ഇറങ്ങുന്ന കിണറുകളിലേയ്ക്ക് റീചാർജ് ചെയ്ത് ഭൂഗർഭ ജലവിതാനം ഉയർത്തുക.

കൊല്ലം നിയോജകമണ്ഡലത്തിലെ കടിവെള്ള ക്ഷാമം

151 (843) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ വരൾച്ചമൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചു എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ചെലവ് എത്രയെന്ന് അറിയിക്കുമോ ;

(സി) ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ വരൾച്ചമൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേടായ പമ്പും മോട്ടോറും കേടുപാടുകൾ തീർത്ത് മാറ്റി സ്ഥാപിക്കുന്നതിനും പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾ

LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം നടത്തുന്നതിനും ജലസ്രോതസ്സുകളുടെ നവീകരണത്തിനും പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശാസ്താംകോട്ട കായലിൽ താത്കാലിക ബണ്ടും ലീഡിംഗ് ചാനലും ലിഫ്റ്റ് പമ്പും സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് വരൾച്ചമൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 4 ട്യൂബ് വെൽ നിർമ്മിക്കുന്നതിനും 2 ചെറുകിട കുടിവെള്ള പദ്ധതികളും നടപ്പിലാക്കുന്നതിനായി 41,36,606 രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ നടപ്പാക്കുന്നതിന് ഏകദേശം 30.00 ലക്ഷം രൂപ ആവശ്യമാണ്. ഭൂജലവകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 41,36,606 രൂപ ചിലവാകും.

(സി) കേരള വാട്ടർ അതോറിറ്റിക്ക് യുക അനുവദിച്ചിട്ടില്ല.

ഭൂജല വകുപ്പിന് കൊല്ലം നിയോജകമണ്ഡലത്തിൽ 3 ട്യൂബ് വെൽ പൂർത്തീകരിച്ചതിന് ചിലവായ 14,56,943 രൂപ അനുവദിച്ചിട്ടുണ്ട്.

റാന്നി നിയോജകമണ്ഡലത്തിലെ വഞ്ചികപ്പാറ കുടിവെള്ള പദ്ധതി

152 (844) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എ.സി. എ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിൽ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിലെ വഞ്ചികപ്പാറ കേന്ദ്രീകരിച്ച് ഒരു കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് എന്നാണ് എം.എൽ.എ. പ്രൊപ്പോസൽ നൽകിയത് ; ഈ പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയത് ;

(ബി) പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ; നിർമ്മാണം ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 7-12-2012-ലാണ് എം.എൽ.എ. പ്രൊപ്പോസൽ നൽകിയത്.1-11-2014-ൽ ഭരണാനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly